ഉത്തരം

(എ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ബി) സർക്കാർ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി 14-8-2002-ലെ ജി. ഒ. (പി) 249/2002-ാം നമ്പർ സർക്കാർ ഉത്തരവനുസരിച്ച് പരസ്യം നൽകി ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുവദിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ നിയമനം നൽകുന്ന അദ്ധ്യാപകരെ സ്ഥിരം നിയമനം ലഭിക്കുന്ന അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പിരിച്ചുവിടുന്നതാണ്. ദിവസവേതനത്തിലുള്ള അദ്ധ്യാപകരുടെ നിയമനം പി. എസ്. സി. വഴിയുള്ള നിയമനത്തെ ഒരു വിധത്തിലും ബാധിക്കുകയില്ല. എല്ലാ തസ്തികകളിലും നിയമാനുസൃതം പി. എസ്. സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ പി. എസ്. സി.-യെ അറിയിച്ചിട്ടുണ്ട്.

എൽ. പി., യു. പി. അസിസ്റ്റന്റ് (തമിഴ് മീഡിയം) റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരേയും വികലാംഗരേയും നിയമിക്കാൻ നടപടി

66 [1426] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എൽ. പി., യു. പി. അസിസ്റ്റന്റ് (തമിഴ് മീഡിയം) തസ്തികയിൽ പി. എസ്. സി. ലിസ്റ്റുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികകളിലേക്ക് വയനാട്, പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) കഴിഞ്ഞ അഞ്ചു വർഷമായി പ്രസ്തുത ജില്ലകളിൽ ഈ തസ്തികകളിലേക്ക് എത്ര നിയമനം നടത്തിയിട്ടുണ്ട്. അതിൽ എത്ര വികലാംഗർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) വികലാംഗ സർട്ടിഫിക്കറ്റ് പ്രകാരം 40 ശതമാനത്തിലധികം അംഗവൈകല്യമുള്ളവർക്ക് മൂന്നു ശതമാനം നിയമനം നൽകണമെന്ന സുപ്രീം കോടതി വിധി ഈ ജില്ലകളിലെ ഇവരുടെ നിയമനത്തിൽ പാലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സുപ്രീം കോടതി ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വകുപ്പ് ഈ ജില്ലകളിൽ 40 ശതമാനത്തിലധികം അംഗവൈകല്യമുള്ളവർക്ക് നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, തൃശൂർ, വയനാട് എന്നീ ജില്ലകളിൽ എൽ. പി./യു.പി. അസിസ്റ്റന്റ് (തമിഴ് മീഡിയം) തസ്തികയിൽ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ട്.

(ബി) തിരുവനന്തപുരം .. 13
പാലക്കാട് .. 4
വയനാട് .. 1

(സി & ഡി) തിരുവനന്തപരും ജില്ലയിൽ 11-ഉം പാലക്കാട് ജില്ലയിൽ 62-ഉം വയനാട് ജില്ലയിൽ 1-ഉം നിയമനം നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ വികലാംഗർക്ക് നിയമനം നൽകിയിട്ടില്ല. പാലക്കാട് ജില്ലയിൽ ഈ വിഭാഗത്തിൽ നീക്കിവച്ചിരുന്ന ഒരു ഒഴിവിൽ നിമയനം നടത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ 1999 മുതൽ 2003 വരെ മൊത്തം 3 ഒഴിവുകൾ മാത്രമാണ് തമിഴ് മീഡിയത്തിൽ ഉണ്ടായത്. ഒരു വർഷത്തിൽ ചുരുങ്ങിയത് 33 ഒഴിവുകൾ വന്നാൽ മാത്രമേ ഒരു ഒഴിവ് വികലാംഗർക്ക് നീക്കിവയ്ക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ വികലാംഗർക്ക് നിയമനം നൽകിയിട്ടില്ല.

(ഇ) ജില്ലാ കളക്ടറിൽ നിന്നും നിയമനം സംബന്ധിച്ച ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം

67 [1427] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ എത്ര പേരെയാണ് നിയമനത്തിന് ശുപാർശ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) ജില്ലയിലെ വിവിധ സ്കൂളുകളിൽ ദിവസവേതന വ്യവസ്ഥയിൽ താൽക്കാലികാടിസ്ഥാനത്തിൽ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly